# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2216

11/06/2018-ൽ മറുപടിക്ക്

### മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കുന്നതിനും നടപടി

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**,, ആർ. രാമചന്ദ്രൻ**
**,, ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി.കെ. ആശ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

**എ)** സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെയും ഗുളികകളുടെയും വില്പനവില (എം.ആർ.പി) എങ്ങനെയാണ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**എ)** കേന്ദ്ര ഏജൻസിയായ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി(NPPA)യ്ക്കാണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നതിനുള്ള അധികാരമുള്ളത്. കേന്ദ്ര സർക്കാർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻ (NLEM)-ൽ ഉൾപ്പെടുന്ന മരുന്നുകളുടെ വിലയാണ് ഇത്തരത്തിൽ NPPA നിശ്ചയിച്ചുറപ്പിക്കുന്നത്. എന്നാൽ ഈ പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വില, അവയുടെ നിർമ്മാതാക്കൾ തന്നെയാണ് നിശ്ചയിക്കുന്നത്. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ - 2013-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിർമ്മാതാക്കൾ ഇത്തരത്തിലുള്ള മരുന്നുകളുടെ വില നിശ്ചയിച്ച്, NPPA-യെ അറിയിച്ചതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്നതാണ് നിലവിൽ നിയമം നിഷ്കർഷിക്കുന്ന രീതി. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതലായോ, ലേബലിൽ നിർമ്മാതാവ് രേഖപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ അധികമായോ വില ഈടാക്കുന്നത് നിയമലംഘനമാണ്.

**ബി)** ഔഷധ നിർമ്മാണ കമ്പനികൾ തോന്നിയതുപോലെ പരമാവധി വില്പനവില (എം.ആർ.പി) നിശ്ചയിച്ച് രോഗികളായ ജനങ്ങളെ പിഴിഞ്ഞെടുത്ത് വലിയ തോതിൽ ലാഭം കൊയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും സാഹചര്യവും വിശദമാക്കുമോ;

**ബി)** ഉണ്ട്. നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻ (NLEM)-ൽ ഉൾപ്പെടാത്തതും പേറ്റന്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ മരുന്നുകളുടെ വില NPPA-യുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ, പരമാവധി വിൽപ്പന വില നിർമ്മാതാവ് തന്നെയാണ് നിശ്ചയിക്കുന്നത്. ചില നിർമ്മാതാക്കൾ, വ്യാപാരികളിൽ നിന്ന് ഈടാക്കുന്ന വിലയേക്കാൾ വളരെ കൂടിയ എം.ആർ.പി പ്രിന്റ് ചെയ്ത് മരുന്നുകൾ

നൽകുകയും, വ്യാപാരികൾ എം.ആർ.പി-ആയി പ്രിന്റ് ചെയ്ത തുക തന്നെ രോഗികളിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഇടനിലക്കാരന് അമിതലാഭം ഈടാക്കുന്നതിന് ഉതകുന്നതിനാൽ, പ്രസ്തുത വിൽപ്പന വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് NPPA-യെ അറിയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം NPPA-യ്ക്കാണ്. ഇവ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അധികാരപരിധിയിൽ പെടുന്നവയല്ല.

**സി)** മരുന്നു വിപണിയിലെ വില നിയന്ത്രിക്കുന്നതിനും സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണം കുറയ്ക്കുന്നതിനും സംസ്ഥാന സർക്കാരിന് എന്തൊക്കെയാണ് ചെയ്യാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

**സി)** രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് കീഴിലുള്ള NPPA-യ്ക്കാണ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ആയതിൽ പ്രത്യേകിച്ച് അധികാരങ്ങളൊന്നുമില്ല. എന്നാൽ സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണം ഒഴിവാക്കുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കി, നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് മരുന്നുകൾ സംഭരിച്ച്, ചെറിയതോതിൽ ലാഭം ഈടാക്കി വിപണനം ചെയ്യുന്ന കാരുണ്യ, നീതി, മാവേലി പോലുള്ള ചില്ലറ ഔഷധ വ്യാപാരശാലകൾ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**ഡി)** ജനറിക് മരുന്നുകൾ ഉപയോഗിക്കണമെന്ന് സർക്കാർ നിരവധി തവണ നിർദ്ദേശം നൽകിയിട്ടും ആയത് പ്രാബല്യത്തിലാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**ഡി)** സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ "Prescription Audit Committee" രൂപവത്ക്കരിച്ചിട്ടുണ്ട്. കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടി എടുക്കുന്നതാണ്.



**സെക്ഷൻ ഓഫീസർ**